കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെന്നല ഗ്രാമപഞ്ചായത്ത്
2015-2016

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/2729/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 28-10-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

തെന്നല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെന്നല ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷങ്ങളിലെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1,3-6,3-7,3-13 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം14/2729 /2016
തിയ്യതി:28-10-2016

## മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07/02/2016 മുതൽ 17/09/2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

----------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ചേക്കുട്ടി കെ യു (ഡെപ്യൂട്ടി ഡയറക്ടർ)

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-09-2016 മുതൽ 28-09-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. കെ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് അലി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജോസി കെ.ജെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.മാതോളി നഫീസു | 1.4.15 മുതൽ 31.10.15 വരെ |
| ശ്രീ. മോഹനൻ, പൂഴിക്കൽ (സെക്രട്ടറി)<br>ശ്രീമതി. നിമ്മി. ആർ (കൃഷി ഓഫീസർ)<br>ശ്രീമതി. കദീജക്കുട്ടി. പി.വി. (ഐ.സി.ഡി.എസ്. സൂപ്പർവൈസർ) | 01-11-2015 മുതൽ<br>18-11-2015 വരെ |
| ശ്രീ.എം.പി.കുഞ്ഞിമൊയ്തീൻ | 19.11.2015 മുതൽ<br>31.3.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.മോഹനൻ പുഴിക്കൽ | 01.04.2015 മുതൽ31.3.16വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജംഷീദ് .കെ | 1.04.2015 മുതൽ10.8.15വരെ |
| | ശ്രീമതി.നിമ്മി.ആർ | 11.08.2015മുതൽ31.3.16വരെ |
| ഐ.സി ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഖദീജകുട്ടി പി .വി | 01.04.2015മുതൽ31.3.16വരെ |
| വെറ്റിനറി സർജൻ | ഡോ.അബ്ദുൾഗഫൂർ പൂങ്ങാടൻ | 01.04.2015മുതൽ31.3.16വരെ |
| വി.ഇ.ഒ(അഡീഷ്ണൽ ചാർജ്ജ്) | ശ്രീ.ശശി.കെ.എം | 01.04.2015മുതൽ31.3.16വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷിജുമോൻ.കെ.പി | 01.04.2015മുതൽ09.7.15വരെ |
| | അരുൺ നാരായണൻ | 10.07.2015മുതൽ14.7.15വരെ |
| | അനീസ്.സി. | 16-07-15 മുതൽ 18-09-15 വരെ |
| | ഉദയകുമാർ.സി | 19.09.2015മുതൽ31.3.16വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.റിയാ മുഹമ്മദ് | 01.04.2015മുതൽ31.3.16വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.അബ്ദുൾ റഷീദ്.കെ.ടി | 01.04.2015മുതൽ31.3.16വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ജാബിർ പൂളക്കുണ്ടൻ | 01.04.2015മുതൽ30.6.15വരെ |
| | ഡോ.ഷെമി.കെ.മുഹമ്മദ് | 1.07.2015 മുതൽ4.10.15വരെ |
| | ഡോ.ഗോപകുമാർ.കെ.കെ | 5.10.2015 മുതൽ4.02.16വരെ |
| | ഡോ.ധന്യ ബാലകൃഷ്ണൻ | 4.02.2016 മുതൽ31.3.16വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അനിൽ ദാസ് | 01.04.2015മുതൽ31.3.16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡെയിഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല | 2-1 | |
| 13 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-2 | |
| 14 | വസ്തു നികുതി -അപാകതകൾ | 2-3 | |
| 15 | വാർദ്ധക്യകാല പെൻഷൻ തുക 90064 രൂപ നഷ്ടപ്പെട്ടത് തിരികെ ഈടാക്കേണ്ടതാണ്. | 2-4 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | കറുത്താൽ ഐ.പി.പി സബ്സെന്റർ നടപ്പാത നിർമ്മാണം-അധിക ചെലവ് | 3-1 | |

| | | | |
|---|---|---|---|
| | | | |
| 17 | റോഡ് കോൺക്രീറ്റ്പ്രവൃത്തി - 1:2:4 സിമെന്റ് കോൺക്രീറ്റിന് 10cm കനം - അനാവശ്യ ചെലവ് | 3-2 | |
| 18 | പദ്ധതി ആസൂത്രണത്തിലെ പിഴവുകൊണ്ട് ആസ്തികൾ നശിക്കുന്നു - കോടികൾ നഷ്ടം | 3-3 | |
| 19 | ഗുണഭോക്തൃ സമിതി പ്രവർത്തികൾ – അപാകതകൾ | 3-4 | |
| 20 | എസ്.എസ്.എ.ക്ക് നൽകിയ വിഹിതം ചെലവഴിക്കാത്തത്-തീരുമാനം നടപ്പാക്കിയിതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 3-5 | |
| 21 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല, തുക തടസ്സം ചെയ്യുന്നു. | 3-6 | |
| 22 | അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം | 3-7 | |
| 23 | വീട്ടുനിർമ്മാണം പൂർത്തീകരിച്ചില്ല | 3-8 | |
| 24 | ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല | 3-9 | |
| 25 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - അപാകതകൾ | 3-10 | |
| 26 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് _ ജില്ലാ പഞ്ചായത്ത് വിഹിതം വിതരണം ചെയ്തില്ല | 3-11 | |

| | | | |
|---|---|---|---|
| | | | |
| 27 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണ വിതരണം _ മുൻകൂർ പണം പിൻവലിച്ചു | 3-12 | |
| 28 | അമൃതം പദ്ധതി - കാലിത്തീറ്റ വിതരണം; ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചത് ചെലവഴിച്ചില്ല | 3-13 | |
| 29 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-14 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 31 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25/03/2015 തിയതിയിലെ 1-ാം തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് തിയതിയിലെ തീരുമാന പ്രകാരവും അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2015 | 28/06/2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19/09/2016 | എൽ.എഫ്.എം തിയതി |

2015-16 വർഷത്തെ വാർഷികകണക്കിൻമേൽ അക്കൗണ്ട് സർട്ടിഫിക്കേഷന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.
1. അക്രുവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. ബാലൻസ്ഷീറ്റിൽ ഇൻവെസ്ററ്മെന്റിനത്തിൽ 3000 രൂപയുണ്ട്. ബന്ധപ്പെട്ട ഷെയർ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.

5.താഴെ പറയുന്ന നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല.

| Bank | A/c No | Amt | Remarks |
|---|---|---|---|
| SBT(NOAP) | 57031225530 | 90064 | വാർദ്ധക്യകാല പെൻഷൻ തുക ഇനത്തിൽ 90064 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നത് ദീർഘ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുന്നതിനാൽ ബാങ്ക് അവരുടെ ഫണ്ടിലേക്ക് 28.8.2015 ന് മുതൽക്കൂട്ടിയിട്ടുണ്ട്. 90064 രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | |
| TPA(JRY) | Not produced | 500 | |
| TPA(Ownfund) | Not produced | 3,99,262 | |

( 2014-15 വർഷത്തെ വാർഷിക കണക്കിൻമേൽ KSA MPM.14/2482/15/26.10.15 നമ്പറായി പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച ക്രമ നം.4, 6(1) എന്നീ അപാകതകൾ പരിഹരിച്ചിട്ടില്ല.)

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29938113 |
| വരവ് | 58411181 |
| ആകെ | 88349294 |
| ചെലവ് | 69059053 |
| നീക്കിയിരിപ്പ് | 19290241 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3428368 | 6716008 | 1451777 | 11596153 | 9010045 | | 2586108 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 173140 | 173140 | 200000 | 373140 | 262500 | | 373140 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | | 2000 | 2000 | 2000 | | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2247044 | 2247044 | 4486598 | 6733642 | 6671776 | | 61866 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 863742 | 61866 | 1061542 | 1987150 | 1987150 | | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1877157 | 1877157 | 4959243 | 6836400 | 3816457 | | 3019943 | 100 |
| KLGSDP | 2356801 | 2356801 | 961775 | 3318576 | 2319259 | 999317 | 0 | 100 |
| എ.എൻ.ആർ. | 0 | | 4100139 | 4100139 | 4099974 | | 165 | 99.99 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഇ. ജി. എസ്. | | | | | | | | |
| ബി ഫണ്ട് | 0 | | 20397775 | 20397775 | 20397775 | | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6398412 | | 11949468 | 18347880 | 11958555 | 0 | 6389325 | |

വികസന ഫണ്ട് (പൊതു വിഭാഗം) ത്തിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്

സംരക്ഷണ ഗ്രാന്റ് (റോഡ്) - 2247044
വികസന ഫണ്ട് (എസ്.സി.പി) - 173140
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) - 61866
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1877157
KLGSDP - 2356801
ആകെ 6716008

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 148 | 49889742 | 148 | 36195618 | 17 | 10 | 121 | 81.75 % |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.3ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3786697 | 2682578 | 1104119 | 29.15(-) |
| നികുതിയേതര വരവുകൾ | 516141 | 532670 | 16529 | 3.2(+) |
| മറ്റുവരവുകൾ | 7346198 | 8162405 | 816207 | 11.11(+) |
| ആകെ | 11649036 | 11377653 | 271383 | 2.3(-) |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41520 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 589740 | 72 |
| വിധവാപെൻഷൻ | 7780760 | 812 |
| വാർദ്ധക്യകാല പെൻഷൻ | 8126490 | 1190 |
| വികലാംഗ പെൻഷൻ | 3187705 | 307 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 99240 | 11 |
| സാധുകളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 530000 | 1 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19/09/2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4963/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

1. പൂർത്തിയായ പ്രവൃത്തികളുടെ ഫോട്ടോ ഫയലിൽ വക്കുന്നില്ല.

2. വർക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3. കൺവീനർ പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിക്കുന്നില്ല

4.ബിൽ ബുക്കിൽ പ്രൊജക്റ്റ് നം, പ്രൊജക്റ്റിന്റെ പേര് എന്നിവ രേഖപ്പെടുത്തുന്നില്ല.

5. പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിലെ ബില്ലിൽ, ബിൽ നമ്പർ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

6. മിക്ക റോഡ് പ്രവൃത്തികളിലും 'Chainage' രേഖപ്പെടുത്തിയിട്ടില്ല. (CPWD പ്രവൃത്തികൾ ഒഴികെ)
7.നിർവഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജ്ജൻ, വി ഇ ഒ, എന്നിവർ TR 7A ക്യാഷ് ബുക്ക്

സൂക്ഷിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/8/2016 | ജൂൺ 2016 | 26/8/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/11/2016 | 2004-05 മുതൽ 2008-09 വരെ | 21/12/200 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

2015-2016 വർഷം ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽനികുതി, ഡി.ആന്റ് ഒ ലൈസൻസ് എന്നിവ അടവാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 8/27.09.2016)

### 2-2 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

2015-2016 സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററുകൾ/ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ്ഥാപന ഉടമകൾ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകൾ പൂർണ്ണമായും വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല. ഒരു ദിവസത്തെ വിറ്റുവരവ്, സ്ഥാപനത്തിൽ സ്ഥിതി ചെയുന്ന യന്ത്ര ഉപകരണത്തിന്റെ കുതിരശക്തി എന്നിവയുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് എത്രയാണെന്ന് തീരുമാനിക്കുന്നത്. ടി വിവരങ്ങൾ ഇല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതിനാൽ അടവാക്കിയ ഡി ആന്റ് ഒ ലൈസൻസിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപൂർണ്ണമായ അപേക്ഷകൾക്ക് ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ സീ നം | പേര് വിവരം | സ്ഥാപനത്തിന്റെ പേര് | ഒരു ദിവസത്തെ വിറ്റുവരവ് | അടവാക്കിയ തുക |
|---|---|---|---|---|
| 4 | മൊയ്തീൻ | കെ.വി.സി | ---- | 360/- |

| | | | | |
|---|---|---|---|---|
| | കളംവളപ്പിൽ<br>ചുള്ളിപ്പാറ<br>(പി ഒ) | ഹോളോബ്രിക്സ്<br>/ഹോളോബ്രിക്ക്സ്<br>നിർമ്മാണം | | |
| 42 | മുഹമ്മദ് റാഫി<br>കൊയ്യാട്ടിൽ<br>തെന്നല | കെ.എം.ചിക്കൻ സ്റ്റാൾ<br>ഇറച്ചിക്കോഴി<br>വിൽപ്പന | ---- | 300/- |
| 62 | നജീബുദ്ധീൻ<br>മായിൻകാനകത്ത്<br>തെന്നല | തവക്കൽ ജ്വല്ലറി<br>സ്വർണ്ണ കച്ചവടം | ---- | 300/- |
| 89 | അലവി<br>ചോലക്കൽ<br>പി.ഒ വാളക്കുളം | റൈസ് മിൽ | --- | 250/- |

B) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുന്ന് നൽകേണ്ടതാണ്. 2015-2016 വർഷത്തിൽ 173 സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് എടുത്തതിൽ 13 സ്ഥാപനങ്ങൾ മാത്രമാണ് സമയബന്ധിതമായി ലൈസൻസ് പുതുക്കിയിരിക്കുന്നത്.

C) സമയപരിധി കഴിഞ്ഞ് ഡി ആന്റ് ഒ ലൈസൻസ് അടവാക്കിയിട്ടും ബിലേറ്റഡ് ഫീ അടവാക്കാത്ത സ്ഥാപനങ്ങൾക്ക് ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സീ നം | പേര് വിവരം | സ്ഥാപനത്തിന്റെ പേര് | അടവാക്കിയ തുക | രസീതി നം/ തിയതി |
|---|---|---|---|---|
| 1 | മുഹമ്മദ്.പുതിയകത്ത്<br>S/o ബീരാൻ കുട്ടി<br>കക്കാട് പി ഒ | പുതിയകത്ത് സ്റ്റോർ | 50/- | 11502100183/<br>13/04/2015 |
| | ഗോപാലൻ<br>പേരംപിലാക്കൻ<br>s/o അപ്പുണ്ണി | G P ഓട്ടോ ഗാരേജ് വർക്ക് ഷോപ്പ് | 100/- | 11502101274/<br>11/06/2015 |

ഡി ആന്റ് ഒ അപേക്ഷകൾ പൂർണ്ണമായും വിവരങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ ശേഖരിക്കുന്നതിനും, രജിസ്റ്റർ പരിശോധിച്ച് ചട്ട ലംഘനം നടത്തിയ മുഴുവൻ കച്ചവടക്കാരിൽ നിന്നും ബിലേറ്റഡ് ഫീ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 9/27.09.2016)

## 2-3 വസ്തുനികുതി -അപാകതകൾ

വസ്തുനികുതി ഇനത്തിന്റെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അപ്പീൽ /റിവിഷൻ രജിസ്റ്റർ, എഴുതി തള്ളൽ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടറിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തിയാണ് ശേഖരിച്ചിരിക്കുന്നത്. സഞ്ചയ/ സാംഖ്യ ഇന്റിഗ്രേഷൻ നടത്തിയിട്ടില്ലാത്തതിനാൽ വസ്തുനികുതി സംബന്ധിച്ച രേഖകൾ പ്രിന്റെടുത്ത് അധികാരികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ മുഖ്യ വരുമാനമാർഗ്ഗമായ വസ്തുനികുതി ഇനത്തിന്റെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാകുംവിധം സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-10/27.09.2016)

## 2-4 വാർദ്ധക്യകാല പെൻഷൻ തുക 90064 രൂപ നഷ്ടപ്പെട്ടത് തിരികെ ഈടാക്കേണ്ടതാണ്.

SBT തിരൂരങ്ങാടി ശാഖയിലെ A/c No. 57031225530 ൽ വാർദ്ധക്യകാല പെൻഷൻ തുക ഇനത്തിൽ 90064 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നത് ദീർഘ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുന്നതിനാൽ ബാങ്ക് അവരുടെ ഫണ്ടിലേക്ക് 28.8.2015 ന് മുതൽക്കൂട്ടിയിട്ടുണ്ട്. പെൻഷൻ ഇനത്തിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് തിരിച്ചടക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്. പ്രസ്തുത തുക ബാങ്കിൽ നിന്നും തിരിച്ച് ഈടാക്കി എത്രയും വേഗം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. നഷ്ടതുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി ചുമത്തുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പ്ര | അവസാനം ഇടപാട് നടത്തിയ തീയ്യതി | ബാക്കി നിൽക്കുന്ന തുക,തീയ്യതി |
|---|---|---|---|---|
| 1 | SBT തിരൂരങ്ങാടി ശാഖ | 57031225530 | 28.8.15 | 0 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കറുത്താൽ ഐ.പി.പി സബ്സെന്റർ നടപ്പാത നിർമ്മാണം-അധിക ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - 153/16

കൺവീനർ - TV. നൗഷാദ്

ബിൽ നം - 22/29.12.15

മൂല്യനിർണ്ണയ തുക - 1,50,000

M book - 62/14-15

മേൽ പ്രവൃത്തിയുടെ ഭാഗമായി 86.20 മീറ്റർ നീളത്തിൽ 20 cm കനത്തിൽ GSB(Granular Sub Bsae)യും 1:4:8 സിമെന്റ് കോൺക്രീറ്റിംഗ്, 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് എന്നിവ 10 cm കനത്തിലും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ 10.8 മീറ്റർ 3 വീതിയും ബാക്കിയുള്ള 75.40 മീറ്റർ നീളത്തിലും മുഴുവനായി 1/1.10 മീറ്റർ വീതിയുമാണ് ഉള്ളത്. 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് നടത്തുന്നതിന് വേണ്ടി 69158 (10.14 m3 * 6820.39/m3) ചെലവഴിച്ചിട്ടുണ്ട്

3 മീറ്ററിൽ കുറവായ (വീതി) നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 5 cm കനത്തിലും നടത്തിയാൽ മതി എന്നിരിക്കെ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.10 cm കനത്തിൽ നടത്തിയത് വഴി താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തിയിൽ GSB(Granular Sub Bsae)യും 1:4:8 സിമെന്റ് കോൺക്രീറ്റിംഗും ഇരിക്കെ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.10 cm കനത്തിൽ അനുവദിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD കത്ത് പ്രകാരം നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 M കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനുവദിക്കാവുന്ന ചെലവ്

5.5*2.5*0.10=1.375

5.3*1.725*0.10=0.914

16.7*1.20*0.05=1.002

6*1*0.05=0.300

16*1*0.05=0.800

15*1*0.05=0.750

6.6*1.10*0.05=0.363

6.5*1.10*0.05=0.358

8.6*1.10*0.05=0.473

Total-6.335 m3

6.335 m3 * 6820.39/m3 = 43200

അധികമായി ചെലവഴിച്ചത്

69158 – 43207 = 25951

പ്രവൃത്തിയിലുണ്ടായ അധികചെലവ് ഉത്തരവാദിയായ (എസ്റ്റിമേറ്റ് തയ്യാറാക്കിയ)AE, AEE എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 റോഡ് കോൺക്രീറ്റ്പ്രവൃത്തി - 1:2:4 സിമെന്റ് കോൺക്രീറ്റിന് 10cm കനം - അനാവശ്യ ചെലവ്

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെയ്ത താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ സിമന്റ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ അധിക തുക ചെലവഴിച്ചതായി കാണുന്നു. പ്രവൃത്തികൾ CPWD, KPWD ഡാറ്റാ പ്രകാരമാണ് ചെയ്തിട്ടുള്ളത്.

ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം GSPക്കായി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ സോളിംഗ് (അമർത്തിയത്) 7.5cm ഉം മെറ്റലിംഗ് (അമർത്തിയത്) 7.5cm ഉം അതിനുമുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5cm ആണ് റോഡിന്റെ കനം. ഭാരമേറിയ വാഹനങ്ങൾക്കു പോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് എന്നിരിക്കെ ഇതിനേക്കാൾ ഉറപ്പേറിയ കോൺക്രീറ്റ് റോഡിന് 20cm കനത്തിൽ ക്വാറി മക്ക് നിരത്തി അതിനുമുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് അധിക ചെലവിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടാർ റോഡിന്റെ കനത്തിൽ പരിമിതപ്പെടുത്തി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിലും പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവർത്തികൾ ചെയ്യാവുന്നതായിരുന്നു. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കോൺക്രീറ്റിംഗ് പ്രവൃത്തികളും 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണ്. 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 0.075 M കനത്തിൽ കോൺക്രീറ്റ് ചെയ്തിരുന്നെങ്കിൽ അനാവശ്യമായ ചെലവുകൾ ഒഴിവാക്കാമായിരുന്നു. പ്രവൃത്തികൾ ചുവടെ

| ക്രമ നം | പ്രവൃത്തി | അളവ് പുസ്തകം | മൂല്യ നിർണ്ണയം | 1:2:4 ചെയ്ത അളവ് | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | Proj-64/15<br>പപ്പാലി-ആലുങ്ങൽ പടി-റോഡ് കോൺക്രീറ്റിംഗ് | 3/14-15 | 460000 | 31800 dm3 | 221010 |
| 2 | Proj-68/15<br>കറുത്താൽ അപ്ലചോല റോഡ് കോൺക്രീറ്റിംഗ് | 24/14-15 | 400000 | 27890 dm3 | 193835 |
| 3 | Proj-71/15<br>പുത്തൻ വീട് റോഡ് കോൺക്രീറ്റിംഗ് | 33/13-14 | 340000 | 23562 dm3 | 163755 |

| | | | | | |
|---|---|---|---|---|---|
| 4 | Proj-76/15<br>കാളിക്കടവ് പെരുമ്പുഴ റോഡ് കോൺക്രീറ്റിംഗ് | 35/13-14 | 300000 | 20720 dm3 | 144004 |
| 5 | Proj-143/15<br>ചാലിപ്പാറ കറുത്താൽ റോഡ് കോൺക്രീറ്റിംഗ് | 31/14-15 | 136000 | 8990 dm3 | 62480 |
| 6 | Proj-137/15<br>പൂക്കിപ്പറമ്പ് അപ്ല ജുമാമസ്ജിദ് റോഡ് കോൺക്രീറ്റിംഗ് | 54/14-15 | 200000 | 13230 dm3 | 91948 |
| 7 | Proj-61/16<br>വാരിയത്ത് പാറ ആലുങ്ങൽ റോഡ് കോൺക്രീറ്റിംഗ് | 64/14-15 | 452975 | 30.55 m3 | 208362 |
| 8 | Proj-59/14-15<br>മാട്ടാൻകോളനി-ആസാദ് കുണ്ടുകുളം റോഡ് കോൺക്രീറ്റിംഗ് | 59/14-15 | 412140 | 34.65 m3 | 260380 |
| 9 | Proj-108/16<br>അറക്കൽ അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 55/14-15 | 287500 | 20.11 m3 | 131407 |
| 10 | Proj-82/16<br>വാരിയത്ത് പാറവീട്ടിൽ റോഡ് കോൺക്രീറ്റിംഗ് | 67/14-15 | 104556 | 15.330 m3 | 104556 |

| | | | | | |
|---|---|---|---|---|---|
| 11 | Proj-KHM High school കുണ്ടുകുളം ജുമാ മസ്ജിദ് റോഡ് കോൺക്രീറ്റിംഗ് | 68/14-15 | 262808 | 18.49 m3 | 120821 |
| 12 | 77/16<br>കുറ്റിപ്പാല കല്ലുവെട്ടിപ്പറമ്പ്റോഡ് കോൺക്രീറ്റിംഗ് | 8/14-15 | 450000 | 31060 dm3 | 215867 |
| 13 | Proj-83/16<br>കണ്ടംചിറ കോതമംഗലം റോഡ് കോൺക്രീറ്റിംഗ് | 63/14-15 | 498000 | 33.71 m3 | 229915 |
| 14 | Proj-86/16<br>ഊർത്താട്ടിൽ പള്ളിയാലിൽ റോഡ് കോൺക്രീറ്റിംഗ് | 66/14-15 | 203000 | 13.73 | 93643 |
| 15 | Proj-60/16<br>ആരുമട തറയിൽപടിറോഡ് കോൺക്രീറ്റിംഗ് | 57/14-15 | 498000 | 35 m3 | 170803 |
| 16 | Proj-94/16<br>പുത്തൻകുളം-മൂന്നുകണ്ടം റോഡ് കോൺക്രീറ്റിംഗ് | 61/14-15 | 250000 | 20.15 m3 | 131668 |
| 17 | Proj-84/16<br>കുന്നൂർ മുഹമ്മദ് സ്മാരക റോഡ് കോൺക്രീറ്റിംഗ് | 58/14-15 | 274839 | 18.55 m3 | 126518 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുണ്ടാകുന്ന അനാവശ്യ ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നതാണ്.

## 3-3 പദ്ധതി ആസൂത്രണത്തിലെ പിഴവുകൊണ്ട് ആസ്തികൾ നശിക്കുന്നു -

## കോടികൾ നഷ്ടം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

2015-16 സാമ്പത്തിക വർഷത്തിൽ തെന്നല ഗ്രാമ പഞ്ചായത്തിൽ 1,72,99050 രൂപയുടെ മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഇതിൽ 99.9% വും റോഡ് പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ഈ വർഷത്തിൽ മാത്രം റോഡ് പ്രവൃത്തികളിലായി ചെലവു തുകയുടെ 40 ശതമാനത്തിലധികവും കോൺക്രീറ്റ് റോഡുകളാണ് നിർമ്മിച്ചിട്ടുള്ളത്. നിലവിൽ തെന്നല ഗ്രാമ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ ഉറപ്പുള്ള മണ്ണാണ് (Hard Soil & Rocky Soil) കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ഭൂപ്രകൃതിയുള്ള ഒരു പ്രദേശത്ത് കോൺക്രീറ്റ് റോഡുകളുടെ ആവശ്യകതയെന്തെന്ന് ഓഡിറ്റിന് മനസ്സിലാകുന്നില്ല. ജലനിധി കുടിവെള്ള പദ്ധതിയുടെ ജല വിതരണത്തിനായി പൈപ്പ് ചാലുകൾ കീറുമ്പോൾ ജെ.സി.ബി യുടെ കൈകൾ (Excavator) വരെ രണ്ടു മൂന്ന് തവണ പൊട്ടിയിട്ടുള്ളതായി അസി.എഞ്ചിനീയർ (ജലനിധി) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നു തന്നെ ഇവിടുത്തെ മണ്ണിന്റെ കാഠിന്യം വെളിവാകുന്നു. വർഷം കൂടുംതോറും കോൺക്രീറ്റ് റോഡുകൾ ഉണ്ടാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് പ്രവണത കൂടിവരുന്നതായി കാണുന്നു. 100 മീറ്റർ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്ന തുക കൊണ്ട് ഏകദേശം 300 മീറ്റർ വരെ ടാർ റോഡ് നിർമ്മിക്കാവുന്നതാണ്. കോൺക്രീറ്റ് റോഡ് ഉണ്ടാക്കുന്നതിന് ടാറിംഗ് റോഡിനേക്കാൾ ചെലവ് കൂടുമെന്നിരിക്കെ ഇത്തരത്തിലുള്ള കോൺക്രീറ്റ് റോഡുകൾ ഉണ്ടാക്കിയതുവഴി അനാവശ്യ ചെലവുകൾ ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 3-2 കൂടി കാണുക). 2015-16 വർഷത്തിൽ ആകെയുള്ള 92 പ്രവൃത്തികളിൽ 27 കോൺക്രീറ്റ് പ്രവൃത്തികൾക്ക് (റോഡുകൾ) ചെലവായ തുക 76,26,303 രൂപയും ബാക്കി 65 പ്രവൃത്തികൾക്കായി ചെലവായത് 9672747 രൂപയുമാണ്. ഇതിൽ നിന്നു തന്നെ കോൺക്രീറ്റ് റോഡുകൾക്ക് വരുന്ന ചെലവിന്റെ ആധിക്യം വ്യക്തമാകുന്നതാണ്.

| വർഷം | മരാമത്ത് പ്രവൃത്തികളുടെ ചെലവ് | ആകെ പ്രവൃത്തികൾ (റോഡുകൾ) | കോൺക്രീറ്റ് റോഡുകൾ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| 2013-14 | 9030642 | 47 | 9 | 2286153 | 25.3 |
| 2014-15 | 8014707 | 62 | 18 | 2661093 | 33.2 |
| 2015-16 | 17299050 | 92 | 27 | 7626303 | 44 |

തെന്നല ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ജലനിധി കുടിവെള്ള പദ്ധതിയുടെ ബൃഹത് പദ്ധതി 2013-14 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. തെന്നല-ഒഴൂർ-പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് വേണ്ടി തെന്നല ഗ്രാമ പഞ്ചായത്തിൽ മാത്രം 7,38,30,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ ആരംഭിച്ച കുടിവെള്ള പദ്ധതിയിൽ നിലവിൽ ജലവിതരണത്തിന് വേണ്ടി പൈപ്പ് ലൈനുകൾ (Distribution line) സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവെ ഹാർഡ് ഏരിയയായ ഗ്രാമ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചത് കാരണം ജലനിധി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനിന് വേണ്ടി റോഡ് കീറുമ്പോൾ റോഡ് മൊത്തമായി ഇളകിപോരുന്ന സാഹചര്യം ഉണ്ടാകുകയും ഇതുമൂലം ഗ്രാമ പഞ്ചായത്ത് പുതുതായി നിർമ്മിച്ച ആസ്തികൾ വരെ നശിച്ച് പോകുന്നതായും കാണുന്നു. (ഉദ: മാട്ടാൻ കോളനി റോഡ്, ശിഹാബ് തങ്ങൾ റോഡ്). മുൻ വർഷങ്ങളിൽ ലക്ഷങ്ങൾ മുടക്കി പൂർത്തീകരിച്ച പല റോഡുകളും തകർന്നു പോവുന്നതുമൂലം ഭീമമായ സാമ്പത്തിക നഷ്ടം സർക്കാരിന് ഉണ്ടാവുന്നു. മറ്റുള്ള മേഖലകളിൽ നിക്ഷേപിക്കേണ്ട ഒരുപാടു പണം ഇതുമൂലം നഷ്ടപ്പെടുന്നു. അതേ സമയം ടാറിംഗ് റോഡുകൾ ആണെങ്കിൽ ഇത്തരത്തിലുള്ള നഷ്ടം ഉണ്ടാകുവാൻ സാധ്യതയില്ല. പദ്ധതി ആസൂത്രണത്തിലുണ്ടായ ഗുരുതരമായ പിഴവാണ് ഇത്തരത്തിലുള്ള സാഹചര്യത്തിലേക്ക് നയിച്ചിട്ടുള്ളത്. പൊതുവേ ഉറപ്പുള്ള പ്രദേശങ്ങളിൽ കോൺക്രീറ്റ് റോഡുകൾ ഉണ്ടാക്കാനുള്ള സാഹചര്യം വ്യക്തമല്ല. ബന്ധപ്പെട്ട ഫയലുകൾ

പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ പ്രവൃത്തി നടത്തേണ്ട സ്ഥലം വെള്ളകെട്ടുള്ളതാണെന്ന് ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ കരാറുകാർക്ക് / കൺവീനർക്ക് ലാഭമുണ്ടാക്കികൊടുക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിലുള്ള എസ്റ്റിമേറ്റുകൾ ഉണ്ടാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2013-14 വർഷത്തിൽ തന്നെ ജലനിധി കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട ഡിസ്ട്രിബ്യൂഷൻ ലൈൻ മിക്ക റോഡുകളിലൂടെയും ഉറപ്പായ സ്ഥിതിക്ക് കോൺക്രീറ്റ് റോഡുകൾക്ക് പകരം ടാറിംഗ് റോഡുകൾ ഉണ്ടാക്കിയിരുന്നുവെങ്കിൽ ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു. ഇത്തരത്തിലുള്ള റോഡുകൾ കാരണം ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുവെന്ന് ജലനിധിയുമായി ബന്ധപ്പെട്ട ജീവനക്കാർ ഓഡിറ്റിനോട് വിശദീകരിച്ചു. ഏതാനും ഉദാഹരണങ്ങൾ

1. കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നില്ല.

2. കോൺക്രീറ്റ് റോഡ് കുത്തിപ്പൊളിക്കാനുള്ള ബുദ്ധിമുട്ട് കാരണം പല റോഡുകളും പ്രവൃത്തി നടത്താതെ മാറ്റിവക്കുന്നു.

3. പ്രവൃത്തി നടത്തുന്നതിന് കാലതാമസം നേരിടുന്നു

4.റോഡുകൾ മൊത്തമായി പൊളിയുന്നത് കാരണം പ്രദേശവാസികൾക്കുള്ള ബുദ്ധിമുട്ടുകൾ

5.മനുഷ്യദിനം കൂടുതൽ ആവശ്യമായി വരുന്നു.

ജലനിധി പദ്ധതിക്ക് വേണ്ടി പൈപ്പ് ലൈൻ ഇടാൻ തുടങ്ങിയതിനുശേഷവും 2016-17 വർഷത്തിലെ അംഗീകരിച്ച പ്രൊജക്റ്റുകളിൽ 18 കോൺക്രീറ്റ് പ്രവൃത്തികൾക്കായി 30,52000 രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തികൾ ഉണ്ടാക്കുക, തകർക്കുക വീണ്ടും ഉണ്ടാക്കുക എന്നതിലൂടെ ഭീമമായ സാമ്പത്തിക നഷ്ടം സർക്കാരിനുണ്ടാകുന്നു. കൂടുതൽ നഷ്ടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി 2016-17 വർഷത്തിലെ അംഗീകരിച്ച പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് മുമ്പ് തന്നെ ജലനിധി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പട്ട പൈപ്പ് ലൈനുകൾ പ്രസ്തുത റോഡുകളിൽ ഇടുവാനുള്ള അടിയന്തിര നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്. കൂടാതെ കോൺക്രീറ്റ് റോഡുകൾ ഉണ്ടാക്കുന്നതിലൂടെയുള്ള അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ സമിതി പ്രവർത്തികൾ - അപാകതകൾ

പഞ്ചായത്തിലെ ഗുണഭോക്തൃ സമിതി മുഖേനയുള്ള നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലേയും തുടർന്നുള്ള സർക്കാർ ഉത്തരവുകളും കൃത്യമായി പാലിക്കുന്നതായി കാണുന്നില്ല. ഗുണഭോക്തൃ സമിതി പ്രവർത്തികൾ സംബന്ധിച്ച അപാകതകൾ ചുവടെ കൊടുക്കുന്നു.

ബാങ്ക് അക്കൗണ്ട്-

പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ മാത്രമെ നടത്താൻ പാടുള്ളൂ. ഗുണഭോക്തൃ സമിതിക്ക് ലഭിക്കുന്ന സംഭാവനകളും മറ്റു വരവുകളും അക്കൗണ്ടിൽ തന്നെയാണ് നിക്ഷേപിക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് 100 രൂപ അടച്ച് തുടങ്ങുന്നതല്ലാതെ മറ്റു പണമിടപാടുകളൊന്നും തന്നെ ഇതിലൂടെ നടത്തുന്നില്ല.

2.മസ്റ്റർ റോൾ-

പേര്, മേൽവിലാസം, വയസ്സ് എന്നിവ രേഖപ്പെടുത്തി ഒരാഴ്ച്ചത്തേക്ക് ഒന്ന് എന്ന തോതിലാണ് മസ്റ്റർ റോൾ സൂക്ഷിക്കേണ്ടത്. തൊഴിലാളികൾ ആഴ്ച്ചയിലൊരിക്കൽ തീയതി വെച്ച് ഒപ്പു വയ്ക്കേണ്ടതാണ്. കൂടാതെ പണം കൈപ്പറ്റുമ്പോൾ തീയതി വച്ചുള്ള കൈപ്പറ്റു രസീതി തൊഴിലാളികളിൽ നിന്നും വാങ്ങി

സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് മേൽപറഞ്ഞിരിക്കുന്നതിൻ പ്രകാരമല്ല മസ്റ്റർ റോൾ സൂക്ഷിച്ചിരിക്കുന്നത്. മാസത്തേക്ക് ഒന്നെന്ന തോതിൽ, പേരുമാത്രം എഴുതി, ഹാജർ മാർക്ക് ചെയ്ത് അവസാനം തീയതിയില്ലാതെ ഒപ്പുവെച്ച രീതിയിലാണ് മസ്റ്റർ റോൾ സൂക്ഷിച്ചിരിക്കുന്നത്. കൈപ്പറ്റു രസീതി വാങ്ങി സൂക്ഷിച്ചിട്ടില്ല.

3.വരവു ചെലവു പുസ്തകം -

ഇടത്തേ പേജിൽ വരവും വലത്തേ പേജിൽ ചെലവും രേഖപ്പെടുത്തുന്ന രീതിയിലുള്ള കണക്കു പുസ്തകം സൂക്ഷിക്കേണ്ടതാണ്. വരവു ചെലവുകൾ അതാതു ദിവസം തന്നെ രേഖപ്പെടുത്തുകയും, വരവിന്റെയും ചെലവിന്റെയും സ്രോതസ്സും വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണെങ്കിലും പഞ്ചായത്ത് ഗുണഭോക്തൃ സമിതികൾ വരവു ചെലവു പുസ്തകം സൂക്ഷിക്കുകയേ ഉണ്ടായിട്ടില്ല.

വരവു ചെലവു പുസ്തകത്തിലെ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ (സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, വാടകയിനത്തിലുള്ള ബില്ലുകൾ, തൊഴിലാളികളുടെ കൈപ്പറ്റ് രശീതി എന്നിവ) വരവു ചെലവു കണക്കാക്കി ഗുണഭോക്തൃ സമിതിക്ക് ചെലവായ തുകയോ കരാർ ഉടമ്പടിയിലെ ചെലവു തുകയോ ഏതാണ് കുറവ് അതാണ് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ മേൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരമുള്ള വരവു ചെലവു കണക്കുകൾ തയ്യാറാക്കുകയുണ്ടായിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 എസ്.എസ്.എ.ക്ക് നൽകിയ വിഹിതം ചെലവഴിക്കാത്തത്-തീരുമാനം നടപ്പാക്കിയിതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 05-02-18 ൽ, ഗ്രാമപഞ്ചായത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്തതിനാൽ ആന്വൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി സിവിൽ വർക്കുകൾക്കായി തുക വകയിരുത്തിയെങ്കിലും പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ലായെന്നും, പെൺകുട്ടികളുടെ വിദ്യാഭ്യാസം,

എസ്.സി./ എസ്.ടി. വിദ്യാഭ്യാസം, കമ്പ്യൂട്ടർ എയ്ഡഡ് പഠനം, എന്നീയിനത്തിൽ എസ്.എസ്.എ. തുക കൈപ്പറ്റിയെങ്കിലും, അത്തരത്തിലുള്ള യാതൊരു പദ്ധതിയും എസ്.എസ്.എ. നടപ്പാക്കിയിട്ടില്ലായെന്നുമായിരുന്നു പരാമർശം. 17-06-2015ലെ 9(4) പഞ്ചായത്ത് തീരുമാനപ്രകാരം, ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ എസ്.എസ്.എ.ജില്ലാ പ്രൊജക്ട് ഓഫീസറോട് ആവശ്യപ്പെടുകയും തുക ചെലവഴിക്കാത്തപക്ഷം ഇതിനായി കൈപ്പറ്റിയ തുക തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാനും നിർദ്ദശിച്ചതായി കാണുന്നു. ഈ തീരുമാന പ്രകാരം പ്രവൃത്തികൾ നടന്നതിന്റെയോ, തുക തിരികെ ലഭ്യമായതിന്റെയോ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് 24-9-16 ന് ഓഡിറ്റ് എൻക്വയറി നൽകിയതിന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

## 3-6 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല, തുക തടസ്സം ചെയ്യുന്നു.

(i) പി.എച്ച്.സി.യിലേക്കും പാലിയേറ്റീവ് കെയറിലേക്കുമുള്ള മരുന്നുകൾ വാങ്ങുന്നതിനായി താഴെ കാണും പ്രകാരം 3,24,000/-രൂപ, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടും സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചതിൽ, നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ലായെന്ന് കാണുന്നു.

| പദ്ധതി നമ്പർ | അടങ്കൽ | ബിൽ നമ്പർ/ തീയ്യതി,തുക | ഡി.ഡി.നമ്പർ/ തീയ്യതി | പ്രൊഫോർമ ഇൻവോയ്സ് | ചെലവിനം |
|---|---|---|---|---|---|
| 9/16 | 2,00,000 | 12/26-2-16, 1,24,000 | 636443/ 1-3-16 | PRF2600/ 12-2-16 | പാലിയേറ്റീവ് കെയറിലേക്കുമുള്ള മരുന്നുകൾ. |
| 8/16 | 2,00,000 | 10/26-2-16, 1,41,919 | 636445/ 1-3-16 | PRF2869/ 24-2-16 | ഹെൽത്ത് സെന്ററിലേക്കുള്ള മരുന്നുകൾ. |
| ,, | ,, | 11/26-2-16, 58,081 | 636444/ 1-3-16 | PRF2887/ 24-2-16 | |
| ആകെ | | 3,24,000 | | | |

(ii) 2015-2016 വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയുന്ന പ്രോജക്ട് പ്രകാരം തുക പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസായി പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് നൽകിയതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.

| നിർവ്വഹണം | വർഷം | പദ്ധതി നമ്പർ | അടങ്കൽ തുക | ബിൽനമ്പർ /തീയ്യതി | ഡി.ഡി നമ്പർ/തിയ്യതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ |
|---|---|---|---|---|---|---|
| മെഡിക്കൽ | 2015-2016 | SO | 1,00,000/- | 1/2015-2016 | 636434/ | 1306/ |

| | | | | | | |
|---|---|---|---|---|---|---|
| ഓഫീസർ ഹോമിയോ | | 020/16 | (MG, റോഡിതരം) | 26/2/16 | 1/3/2016 | 17/2/2016 |

മരുന്നുകൾക്കായി തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ആയതു പ്രകാരമുള്ള മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ടി ഇനത്തിൽ ചെലവഴിച്ച 4,24,000/- രൂപയുടെ തടസ്സം നിലനിൽക്കുന്നു.

## 3-7 അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/13/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിലെ അനുബന്ധം 1, ഖണ്ഡിക 9 ൽ അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിൽ ഇപ്പോഴും ഭൗതിക സൗകര്യങ്ങൾ ഏറെ അപര്യാപ്തമാണ്.

ആകെ 27 അംഗൻവാടികളാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. ഇതിൽ സ്വന്തം കെട്ടിടമുള്ളത് 9 എണ്ണത്തിനു മാത്രമാണ്. ബാക്കി 18 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടമുള്ള 9 എണ്ണത്തിൽ വൈദ്യുതി കണക്ഷനുള്ളത് 6 എണ്ണത്തിൽ മാത്രമാണ്. ബാക്കി 3 എണ്ണത്തിൽ വയറിംഗ് നടത്തിയെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. കക്കൂസ് ഉള്ളത് 8 അംഗൻവാടികളിലാണ്. സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളത് 2 അംഗൻവാടികളിൽ മാത്രമാണ്. ബാക്കിയുള്ളവ സമീപത്തുള്ള ജലസ്രോതസ്സുകളെ ആശ്രയിക്കുകയാണ്. എല്ലാ അംഗൻവാടികളിലും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 വീടുനിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയ താഴെ പറയുന്ന ഭവന നിർമ്മാണ പദ്ധതികൾ മുഖേന വീടുനിർമ്മാണത്തിന് ഏതാനും ഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും വീടുപണി പൂർത്തീകരിച്ചിട്ടില്ല.

1) ജവഹർ ലാൽ നെഹ്റു ഭവന പദ്ധതി - ജനറൽ

പ്രോജക്റ്റ് നം. S 0035/16

പരമാവധി ധനസഹായം : 2,00,000 രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തിയതി |
|---|---|---|---|
| 1 | കുഞ്ഞിപ്പാത്തുമ്മ. മൂക്കമ്മൽ,<br>കൊടക്കല്ല് | 80,000<br>60,000 | 18.01.16<br>31.03.16 |
| 2 | പാത്തുമ്മക്കുട്ടി. പരേടത്തിൽ,<br>തച്ചമ്മാട് | 80,000 | 18.01.16 |
| 3 | ജംഷീറ പൂളക്കൽ,<br>നേർച്ചപ്പാറ | 80,000<br>60,000 | 18.01.16<br>31.03.16 |

| | | | |
|---|---|---|---|
| 4 | ആയിഷാബി ഇല്ലിക്കൽ,<br><br>പൂക്കിപ്പറമ്പ് | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 5 | ഉമൈബ. കരുമ്പിൽ,<br><br>വാളക്കുളം പി.ഒ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 6 | നിഷ പാറേങ്ങൽ,<br><br>വാളക്കുളം പി.ഒ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 7 | ബിന്ദു. നമ്പ്യാരത്ത്,<br><br>പൂക്കിപ്പറമ്പ് | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 8 | സുഹ്റ കണ്ണംതൊടി | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 9 | ആസ്യ, മച്ചിങ്ങൽ മണ്ണഞ്ചേരി,<br><br>തെന്നല | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 10 | ഫാത്തിമ കോട്ടുവാല,<br><br>പുള്ളിത്തറ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 11 | കാർത്തിക തേമ്പലത്ത്,<br><br>ചെമ്മേരിപ്പാറ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 12 | അസ്മാബി. കെ.ടി, കുയിലൻതൊടി,<br><br>തറയിൽ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 13 | സബിത കുടുക്കിൽ,<br><br>ആലുങ്ങൽ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 14 | സീനത്ത് അരിമ്പ്ര,<br><br>കൊടക്കല്ല് | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 15 | അഹമ്മദ് തറമ്മൽ,<br><br>വാളക്കുളം പി.ഒ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |
| 16 | കദീജ കുനിയിൽ,<br><br>പെരുമ്പുഴ | 80,000<br><br>60,000 | 18.01.16<br><br>31.03.16 |

2) ഭവന നിർമ്മാണം - വനിത

പ്രോജക്റ്റ് നം. S 0143/16

പരമാവധി ധനസഹായം : 2,00,000 രൂപ

| ക്രമ | ഗുണഭോക്താവിന്റെ | കൈപ്പറ്റിയ | തിയതി |
|---|---|---|---|

| നം. | പേര് | തുക | |
|---|---|---|---|
| 1 | രജനി തിരുനിലത്ത്, നേർച്ചപ്പാറ | 20,000<br>60,000<br>60,000 | 12.03.15<br>20.07.15<br>18.01.16 |
| 2 | സുബൈദ പറമ്പിൽ, തെന്നല പി.ഒ | 80,000<br>60,000 | 26.04.15<br>18.01.16 |

3) ആശ്രയ പദ്ധതി

പ്രോജക്ട് നം. 147/16

പരമാവധി ധനസഹായം : 2,50,000 രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തിയതി |
|---|---|---|---|
| 1 | സരസ്വതിയമ്മ. പി, പൊന്നാരത്ത്, വാരിയത്തുപാറ | 80,000<br>1,00,000 | 10.09.15<br>23.03.16 |
| 2 | സരോജിനി പാറേങ്ങൽ, വാളക്കുളം | 80,000<br>1,00,000<br>50,000 | 17.12.14<br>09.07.15<br>02.04.16 |

ടി ഗുണഭോക്താക്കൾക്ക് വീട്ടുപണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതും വീട്ടുപണി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 3-9 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം. S 0001/16- അംഗൻവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. ചേലേമ്പ്ര കുടുംബശ്രീയുടെ വിജയ് & ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തിയതി | തൂക്കം (കി.ഗ്രാം) | വില(ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) |
|---|---|---|
| 04.05.15 | 1498.5 | 84665 |
| 04.05.15 | 1720.5 | 97208 |
| 26.06.15 | 1434 | 81021 |
| 30.06.15 | 1228.5 | 69410 |
| 31.08.15 | 837 | 47290 |
| 04.09.15 | 1174.5 | 66359 |

| | | |
|---|---|---|
| 15.10.15 | 1566 | 88479 |
| 16.11.15 | 1606.5 | 90767 |
| 01.12.15 | 1670 | 94355 |
| 16.12.15 | 712.5 | 61631 |
| 05.01.16 | 1849.5 | 104496 |
| 03.02.16 | 1917 | 108310 |
| ആകെ | 17214.5 കി.ഗ്രാം | 993991 രൂപ |

ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 05.06.10 ലെ ഐ.സി.ഡി.എസ് ബി 3-312/2010 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - അപാകതകൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസന പ്രോജക്ടിന്റെ (പ്രോജക്ട് നം. S 0025/16) ഭാഗമായി നെൽകൃഷിക്ക് കൂലിച്ചെലവിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. അംഗീകൃത പ്രോജക്ട് പ്രകാരം ഇതിന് വകയിരുത്തിയത് വികസന ഫണ്ട് 1,80,000 രൂപയും സ്വയം വഹിക്കുന്ന ഗുണഭോക്തൃ വിഹിതം 3,00,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 45,000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 75,000 രൂപയും ഉൾപ്പെടെ ആകെ 6,00,000 രൂപയാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിൽ, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിക്ക് വേണ്ട തുക ഗ്രാമ –ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ 60 : 15 : 25 എന്ന അനുപാതത്തിൽ വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കർഷകർക്ക് ഗ്രാമ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും മാത്രമേ നൽകിയുള്ളൂ. ഗ്രാമ പഞ്ചായത്ത് വിഹിതം 1,80,000 രൂപയും (ട്രഷറി ബിൽ നം. TLA 3/15-16/03.02.16) ബ്ലോക്ക് പഞ്ചായത്ത് വിഹിതം 45,000 രൂപയും (ചെക്ക് നം. 1428021/02.03.16) ആണ് ചെലവഴിച്ചത്. ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല.

2) അംഗീകൃത പ്രോജക്ട് പ്രകാരം കൂലിച്ചെലവിന്റെ 50% കർഷകർ വഹിക്കണം. 50% ആണ് സബ്സിഡി. പാടശേഖര സമിതി സെക്രട്ടറിമാർ സമർപ്പിച്ച കണക്കു പ്രകാരം ആകെ കൂലിച്ചെലവ് 5,25,000 രൂപയാണ്. ആയതിനാൽ അർഹമായ സബ്സിഡി 2,62,500 രൂപയാണ്. ഈ തുക വിവിധ ഘടക സ്ഥാപനങ്ങൾ താഴെ ചേർത്ത അനുപാതത്തിൽ വഹിക്കേണ്ടതായിരുന്നു.

| സ്ഥാപനം | ശതമാനം | ബാധകമായ തുക | നൽകിയ തുക |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 60 | 157500 | 180000 |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 15 | 39375 | 45000 |
| ജില്ലാ പഞ്ചായത്ത് | 25 | 65625 | 0 |

ചെലവുതുക വിവിധ ഘടക സ്ഥാപനങ്ങൾക്ക് ബാധകമായ അനുപാതത്തിൽ അല്ല ചെലവഴിച്ചത് എന്ന് ഇത് വ്യക്തമാക്കുന്നു. ഇത് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. പ്രോജക്ട് നിർവഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് _ ജില്ലാ പഞ്ചായത്ത് വിഹിതം വിതരണം ചെയ്തില്ല

സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും 18 വയസ്സിന് താഴെ, കിടപ്പിലായ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് /ബത്ത നൽകുന്നതിനുള്ള പ്രോജക്ടാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായ പ്രോജക്ട് നം. S 0004/16. വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 1,60,500 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 80,250 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 80,250 രൂപയും ഉൾപ്പെടെ ആകെ 3,21,000 രൂപയാണ് അടങ്കൽ. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/13/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിൽ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ബത്ത നൽകുന്നതിനാവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50 : 25 : 25 എന്ന അനുപാതത്തിൽ വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സ്കോളർഷിപ്പ് / ബത്ത നൽകുന്നതിന് 1,79,100 രൂപയാണ് ചെലവഴിച്ചത്. ഇതിൽ 1,19,400 രൂപ വികസന ഫണ്ടും (ട്രഷറി ബിൽ നം. 10/15.03.16) 59,700 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും (ചെക്ക് നം. 1428025/ 10.03.16) ആണ്.

പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) <u>ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല</u>

ഈ പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 30.03.16 ന് ലഭിച്ച 80,250 രൂപ വിനിയോഗിക്കാതെ തനതുഫണ്ടിൽ കിടക്കുകയാണ്.

2) <u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുഴുവൻ ചെലവഴിച്ചില്ല</u>

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 03.10.15 ന് 80,000 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചത് 59,700 രൂപയാണ്. ബാക്കി 20,300 രൂപ തനതുഫണ്ടിൽ കിടക്കുകയാണ്.

സ്കോളർഷിപ്പ് നൽകുന്നതിന് ആകെ ചെലവഴിച്ച1,79,100 രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 50 : 25 : 25 എന്ന അനുപാതത്തിൽ വീതിക്കേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതത്തിൽ നിന്നാണ് തുക ചെലവഴിച്ചത്. ഇത് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ആയതിനാൽ ഈ അപാകത പരിഹരിച്ച്, ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ഭിന്നശേഷിയുള്ളവർക്ക് ഉപകരണ വിതരണം _ മുൻകൂർ പണം പിൻവലിച്ചു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായ പ്രോജക്ട് നം. S 0017/16 മുഖേന, ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ 4 എണ്ണവും ശ്രവണസഹായി 2 എണ്ണവും വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി വികസന ഫണ്ട് 2,00,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,00,000 രൂപയും വകയിരുത്തി.

കേരള സ്റ്റേറ്റ് ഹാന്റികേപ്പ്ഡ് പേർസൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചത്. എന്നാൽ സ്ഥാപനവുമായി നിർവഹണോദ്യോഗസ്ഥ കരാർ വച്ചിട്ടില്ല. ടി കോർപ്പറേഷൻ 24.02.16 ലെ 252/B3/2016/HPWC നമ്പർ പ്രോഫോർമ ഇൻവോയ്സ് പ്രകാരം, പ്രോഫൗണ്ട് ഹിയറിംഗ് എയിഡ് ഒരെണ്ണത്തിന് 14000 രൂപയും സ്കൂട്ടർ വിത്ത് സൈഡ് വീൽ (മഹീന്ദ്ര സ്കൂട്ടർ 125 CC) ഒരെണ്ണത്തിന് 71500 രൂപ നിരക്കിൽ നാലെണ്ണത്തിന് 286000 രൂപയും ഉൾപ്പെടെ ആകെ 3,00,000 രൂപയുടെ ഇൻവോയ്സ് ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നൽകിയിട്ടുണ്ട്. തുടർന്ന് ഇതേ തുകക്ക് 27.02.16 ന് 245/B3/2016/HPWC നമ്പർ ബില്ലും കോർപ്പറേഷൻ നൽകി.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ടി കോർപ്പറേഷന് നൽകി. ഗ്രാമ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2,00,000 രൂപ ട്രഷറി ബിൽ നം. 12/21.03.16 മുഖേന പിൻവലിച്ച് ടി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ DD എടുത്ത് കൈവശം വച്ചിരിക്കയാണ്. (DD No. 636835/22.03.16). 3 മാസം കഴിഞ്ഞ ഈ DD കാലഹരണപ്പെടുകയും ചെയ്തു.

ബില്ല് പ്രകാരമുള്ള ഹിയറിംഗ് എയിഡ് ഒരെണ്ണം ലഭിച്ചതല്ലാതെ സ്കൂട്ടർ ഓഡിറ്റ് തിയതി വരെയും ലഭിച്ചിട്ടില്ല. G.O (P) 177/2006/Fin Dt.12.04.06 ഉത്തരവിൽ മുൻകൂർ ആയി പണം പിൻവലിക്കാൻ നിയന്ത്രണമുള്ളതാണ്. എന്നിട്ടും കരാർ പോലും വയ്ക്കാതെ പണം മുൻകൂർ പിൻവലിക്കുകയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറാൻ നടപടിയെടുക്കുകയും ചെയ്ത നിർവഹണോദ്യോഗസ്ഥയുടെ നടപടി മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

സ്കൂട്ടർ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിർവഹണോദ്യോഗസ്ഥ ടി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് 05.02.16, 08.02.16, 14.06.16, 05.09.16 എന്നീ തിയതികളിൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സ്കൂട്ടർ ലഭിച്ചിട്ടില്ല. ഇതിനാൽ 86,000 രൂപ ടി കോർപ്പറേഷൻ വശവും 2,00,000 രൂപ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വശവും മുടങ്ങിക്കിടക്കുകയാണ്.

ടി കോർപ്പറേഷനിൽ നിന്ന് സ്കൂട്ടർ ലഭ്യമാക്കി പണം കൈമാറിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക 2,86,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-13 അമൃതം പദ്ധതി - കാലിത്തീറ്റ വിതരണം; ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചത് ചെലവഴിച്ചില്ല

പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടാണ് വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ട് നം. S 0048/16 - അമൃതം പദ്ധതി. വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 44,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,00,000 രൂപയും ഉൾപ്പെടെ ആകെ 1,44,000 രൂപയാണ് അടങ്കൽ.

കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്ന് കാലിത്തീറ്റ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയും ഇതിന്റെ വിലയായി 40,320 രൂപ കേരള ഫീഡ്സിന് നൽകുകയും ചെയ്തു. വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്. (ട്രഷറി ബിൽ നം. 4/15-16/25.02.16 & 6/15-16/23.03.16)

ഈ പ്രോജക്ടിനു വേണ്ടി വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ നിന്ന്, സെക്രട്ടറിയുടെ 13.07.15 ലെ E . 903/15 നം. ഉത്തരവ് പ്രകാരം ലഭിച്ച 50,000 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് തനത് ഫണ്ടിൽ

കിടക്കുകയാണ്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന് തിരിച്ചു നൽകി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായ ആശ്രയ പദ്ധതി 2012-13 ൽ തുടങ്ങി 2014-15 ൽ പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 11.02.13 നാണ് ഈ പ്രോജക്ടിന് DPC അംഗീകാരം ലഭിച്ചത്. 108 അഗതി കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ. വിവിധ സ്രോതസ്സുകളിൽ നിന്ന് 1,29,39,940 രൂപയാണ് പ്രോജക്ടിന് വകയിരുത്തിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

വികസന ഫണ്ട് : 28,30,240

തനത് ഫണ്ട് : 22,45,000

ചലഞ്ച് ഫണ്ട് : 24,59,700

ജില്ലാ പഞ്ചായത്ത് വിഹിതം : 20,00,000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം :27,50,000

മറ്റുള്ളവ : 6,55,000

ആകെ : 1,29,39,940 രൂപ

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രോജക്ട് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ 2015-16 ൽ സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം നേടി.(പ്രോജക്ട് നം. S 147/16).

പദ്ധതി കാലയളവ് കഴിഞ്ഞിട്ടും വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ മുഴുവൻ നടപ്പാക്കിയില്ല. അടങ്കൽ തുകയുടെ 47% മാത്രമാണ് ചെലവഴിച്ചത്. പ്രോജക്ട് ലക്ഷ്യമിട്ടിരുന്നതും നടപ്പിലാക്കിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ | | | | 2015-16 ഉൾപ്പെടെ ചെലവ് | |
|---|---|---|---|---|---|
| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ഗുണഭോക്താക്കളുടെ എണ്ണം | തുക |
| 1 | ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ | 23 | 3450000 | 6 | 964560 |
| 2 | ഭവന നിർമ്മാണം | 24 | 6000000 | 16 | 3910000 |
| 3 | ഭവന ഗുണമേന്മാ വർദ്ധനവ് | 20 | 500000 | 15 | 375000 |
| 4 | സാനിറ്ററി ക്ലൂസ് | 10 | 80000 | 2 | 10000 |
| 5 | ആരോഗ്യ പരിരക്ഷ | 96 | 798200 | | 120047 |
| 6 | ഭക്ഷണം | 99 | 1320400 | 108 | 639593 |
| 7 | കുടിവെള്ള കണക്ഷൻ/ കിണർ | 20 | 400000 | 1 | 20000 |
| 8 | വിദ്യാഭ്യാസം | 75 | 171750 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 9 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കൗൺസലിംഗ് | 60 | 135000 | | 42328 |
| | ആകെ | | 12855350 | | 6081528 |

സ.ഉ (എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 ലെ അനുബന്ധം 14 ൽ ആശ്രയ പദ്ധതി എപ്രകാരമാണ് നടപ്പാക്കേണ്ടതെന്ന് പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. അന്നപൂർണ പദ്ധതി, അന്ത്യോദയ അന്നയോജന പദ്ധതി എന്നിവ പ്രകാരം ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന് ടി സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഭക്ഷണ കിറ്റ് നൽകുകയാണ് ചെയ്തത്. അതുപോലെ, അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കുകയാണ് വേണ്ടത്. എന്നാൽ ഗുണഭോക്താക്കൾ വീടുണ്ടാക്കി സ്റ്റേജ് സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ ഗഡുക്കളായി ധനസഹായം നൽകുകയാണ് ചെയ്തത്.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ച് ആശ്രയ പ്രോജക്ട് നടപ്പാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2015/16 | 45000 | നെൽകൃഷി കൂലി ചെലവ് | 45000 | - |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2015/16 | 1500000 | ജലനിധി വിഹിതം | 1500000 | - |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2015/16 | 50000 | കാലിത്തീറ്റ സബ്സിഡി | 0 | 50000 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2015/16 | 80000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 59700 | 20300 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 2015/16 | 2500000 | ജലനിധി വിഹിതം | 2500000 | - |

| | | | | | |
|---|---|---|---|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 2015/16 | 80250 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 80250 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2013/14 | 60000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 45600 | 14400 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2013/14 | 500000 | വിവിധ റോഡ് പ്രവർത്തികൾ | 483222 | 16778 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2013/14 | 2000000 | ആശ്രയ | 900000 | 1100000 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2014/15 | 96080 | കാലി തീറ്റ സബ്സിഡി | 58240 | 37840 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2014/15 | 450000 | ആശ്രയ | 0 | 450000 |
| വേങ്ങര ബ്ളോക്ക് പഞ്ചായത്ത് | 2014/15 | 80250 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 40500 | 39750 |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എടരിക്കോട് സ്പിന്നിംഗ് മില്ലിന്റെ ഷെയർ എടുത്തത് | 3000 |
| ആകെ | 3000 |

4-6. ഓഡിറ്റ് റിക്കവറി

ഇല്ല

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58411181 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69059053 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 116015 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 710000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12976 | അസി എഞ്ചിനീയർ അനീസ്.സീ |
| 3-1 | | 12975 | അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ അനിൽ ദാസ് |

| | | | |
|---|---|---|---|
| 2-4 | | 90064 | ശ്രീ.മോഹനൻ, പൂഴിക്കൽ, സെക്രട്ടറി |

116015

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 324000 | ഡോ അബ്ദുൾ റഷീദ്.കെ.ടി<br>മെഡിക്കൽ ഓഫീസർ<br>അലോപ്പതി |
| 3-6 | 100000 | മെഡിക്കൽ ഓഫീസർ<br>ഹോമിയോ<br>ഡോ റിയ മുഹമ്മദ് |
| 3-12 | 286000 | ഐ.സി ഡി എസ് സൂപ്പർവൈസർ<br>ഖദീജകുട്ടി പി വി |
| ആകെ | 710000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനീസ് സി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>നന്നമ്പ്ര ഗ്രാമപഞ്ചായത്ത് | അനീസ്<br>മൻസിൽ<br>കോഹിനൂർ<br>കാലിക്കറ്റ്<br>യൂണിവേഴ്സിറ്റി<br>(പി ഒ)<br>മലപ്പുറം<br>പിൻ 676635 |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | പാളയംകുന്ന്<br>നറുകര (പി.ഒ) |

| | | |
|---|---|---|
| അനിൽ ദാസ് | | മഞ്ചേരി<br>676122 (പി ഒ) |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1972-73 | എൽ.എഫ്.എം.9/507/87, തി: 31-10-89 | 10 | |
| 1978-79 | എൽ.എഫ്.എം.9/513/87, തി: 31-10-89 | 3 | |
| 1979-80 | എൽ.എഫ്.എം.9/514/87, തി: 31-10-89 | 6 | |
| 1980-81 | എൽ.എഫ്.എം.9/515/87, തി: 31-10-89 | 1 | |
| 1982-83 | എൽ.എഫ്.എം.9/956/87, തി: 31-10-89 | 4 | |
| 1983-84 | എൽ.എഫ്.എം.9/446/88, തി: 31-10-89 | 3 | |
| 1984-85 | എൽ.എഫ്.എം.9/39/89 , തി: 01-03-89 | 28 | |
| 1985-86 | എൽ.എഫ്.എം.9/1054/91 തി: 22-11-91 | 2 | |
| 1986-87 | എൽ.എഫ്.എം.9/27/92, തി: 20-06-92 | 11 | |
| 1987-88,88-89 | എൽ.എഫ്.എം.9/1047/93 തി: 01-03-94 | 23 | |
| 1989-90,90-91 | എൽ.എഫ്.എം.9/937/94, തി: 03-08-94 | 4 | |
| 1991-92 | എൽ.എഫ്.എം.9/128/93, തി: 08-07-93 | 1 | |
| 1992-93,93-94 | എൽ.എഫ്.എം.9/581/96, തി: 08-01-97 | 15 | |
| 1995-96 | എൽ.എഫ്.എം.15/450/98, തി: 08-09-98 | 27 | |
| 1996-97 | എൽ.എഫ്.എം.15/449/96, തി: 31-01-05 | 28 | |
| 01-07-98 മുതൽ 31-03-01 | എൽ.എഫ്.എം.13/884/04, തി: 10-10-04 | 39 | |

| | | | |
|---|---|---|---|
| വരെ പ്ലാൻ | | | |
| 1997-98 വരവ് | എൽ.എഫ്.എം.10/2081/06, തി: 10-04-07 | 1 | |
| 1997-98 ചെലവ് | എൽ.എഫ്.എം.15/449/99, തി: 31-01-05 | 28 | |
| 1998-99(പ്ലാൻ ഒഴികെ) | എൽ.എഫ്.എം.10/2083/06, തി: 10-04-07 | 16 | |
| 1999-2000 (പ്ലാൻ ഒഴികെ) | എൽ.എഫ്.എം.10/2084/06, തി: 18-04-07 | 7 | |
| 2000-2001 (പ്ലാൻ ഒഴികെ) | എൽ.എഫ്.എം.10/2341/07, തി: 15-12-08 | 4 | |
| 2001-02 | എൽ.എഫ്.എം.10/2343/07, തി: 15-12-08 | 6 | |
| 2002-03 | എൽ.എഫ്.എം.10/2342/07, തി: 15-12-08 | 8 | |
| 2003-04 | എൽ.എഫ്.എം.10/2344/07, തി: 15-12-08 | 13 | |
| 2004-05 | എൽ.എഫ്.എം.10/1322/08, തി: 13-01-09 | 11 | |
| 2005-06 | എൽ.എഫ്.എം.10/1735/09, തി: 18-01-10 | 9 | |
| 2006-07 | എൽ.എഫ്.എം.10/1736/09, തി: 26-03-10 | 25 | |
| 2007-08 | എൽ.എഫ്.എം.14/1786/11, തി: 15-09-11 | 13 | |
| 2008-09 | എൽ.എഫ്.എം.14/1787/11, തി: 15-09-11 | 4 | |
| 2009-10, 10-11 | എൽ.എഫ്.എം.19/3109/14, തി: 04-02-15 | 12 | |
| 2011-12 ,2012-13 | എൽ.എഫ്.എം.14/833/14, തി: 01-11-14 | 5 | |
| 2013-14, 2014-15 | കെ.എസ്.എ .എം.പി.എം 14/510/2016തി14-03-2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 4-10

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.14/2729/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

ഫോൺ- 0487 273495

ഇ.മെയിൽ-dompm.ksad@kerala.gov.in

തീയ്യതി: .09.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

**No.KSA.MPM.14/2729/2016**

**Kerala State Audit Department**

**District Audit Office, Malappuram**

**Phone: 0483-2734951**

**E.mail- dompmksad@kerala.gov.in**

**Date: .09.2016**

Certified that I have audited the Annual Financial Statement of THENNALA GRAMA PANCHAYAT in Mappuram District for the year ended on 31.03.2016in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of THENNALA GRAMA PANCHAYAT for the year 2015-2016 except the observations in my audit report properly presents the picture of income and expenditure.

Deputy Director